**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1426** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൃഷി വകുപ്പ് മുഖേനയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ എന്നിവ മുഖേനയോ വാങ്ങിയ കാർഷിക യന്ത്രോപകരണങ്ങളുടെ കണക്ക് വകുപ്പിന്റെ അധീനതയിൽ സൂക്ഷിക്കുന്നുണ്ടോ;

**<u>മറുപടി:</u>** കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ വാങ്ങി വിതരണം ചെയ്ത കാർഷിക യന്ത്രോപകരണങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട പദ്ധതികളുടെയും ഓഫീസുകളുടെയും രേഖകളിൽ സൂക്ഷിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ഏജൻസികൾ മുഖേന വിതരണം ചെയ്ത യന്ത്രോപകരണങ്ങളുടെ വിവരങ്ങൾ സമഗ്രമായി ക്രോഡീകരിക്കുന്നതിനായി കൃഷിഭവൻ അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ (KSAMM) മുഖേന അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവിടങ്ങളിലുള്ളതും വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്തിട്ടുള്ളതുമായ കാർഷിക യന്ത്രങ്ങളുടെ ഇൻവെന്ററി പുതുക്കുന്നതിനും യന്ത്രങ്ങളുടെ ലഭ്യതയും പ്രവർത്തനക്ഷമതയും നിരീക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. കൃഷിഭവൻ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കുന്നതിലൂടെ വിവിധ ഏജൻസികൾ മുഖേന വിതരണം ചെയ്ത കാർഷിക യന്ത്രങ്ങളുടെ ലഭ്യത, സ്ഥാനം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച കൂടുതൽ സമഗ്രമായ വിവരശേഖരം തയ്യാറാക്കാൻ സാധിക്കുന്നതാണ്.

**(ബി)** പ്രസ്തുത യന്ത്രോപകരണങ്ങൾ അറ്റകുറ്റപണി നടത്തുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും ഉറപ്പാക്കുന്നതിനായി കൃഷിവകുപ്പിന്റെ വാർഷിക പദ്ധതി മുഖേന കാർഷിക യന്ത്രസേവന ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 289 ക്യാമ്പുകൾ സംഘടിപ്പിച്ച് 5,270 കാർഷിക യന്ത്രങ്ങളും, 2025-26 സാമ്പത്തിക വർഷത്തിൽ 264 ക്യാമ്പുകൾ സംഘടിപ്പിച്ച് 3,843 യന്ത്രങ്ങളും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കൂടാതെ, കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ (KSAMM) മുഖേന "കാർഷിക യന്ത്രം സർവം ചലിതം കേരളം" എന്ന പരിപാടിയുടെ ഭാഗമായി വിവിധ ബ്ലോക്കുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. 2022-23 മുതൽ 2025-26 വരെയുള്ള കാലയളവിൽ 40

ബ്ലോക്കുകളിലായി ആകെ 2,353 കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പരിപാടിയുടെ ഭാഗമായി 14 ക്യാമ്പുകൾ സംഘടിപ്പിച്ച് 106 പഞ്ചായത്തുകളിലും നഗരസഭകളിലുമായി 1,086 യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായും കാര്യക്ഷമമായും നടത്തുന്നതിനായി 2025-26 വാർഷിക പദ്ധതിയിൽ 14 ജില്ലകളിലെയും കൃഷി എൻജിനീയറിങ് ഓഫീസുകളിലെ നിലവിലുള്ള വർക്ക്ഷോപ്പുകൾ ശക്തിപ്പെടുത്തുന്നതിനും ഫാം മെഷിനറി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ കർഷകർക്കും കർഷകസംഘങ്ങൾക്കും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കുകയാണ് ലക്ഷ്യം.

**(സി)** കോടിക്കണക്കിന് രൂപ മൂല്യം വരുന്ന ഉപകരണങ്ങൾ തകരാറിലായിട്ട് അറ്റകുറ്റപണികൾ നടത്തുവാൻ മതിയായ സംവിധാനങ്ങളില്ലാതെ വിവിധ ഓഫീസ് പരിസരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** വിവിധ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പരിസരങ്ങളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന കാർഷിക യന്ത്രങ്ങളുടെ നിലവിലെ അവസ്ഥ പരിശോധിച്ച്, അറ്റകുറ്റപ്പണി നടത്തി വീണ്ടും ഉപയോഗയോഗ്യമാക്കാൻ കഴിയുന്നവയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും ഉപയോഗ യോഗ്യമല്ലാത്ത യന്ത്രങ്ങളുടെ കാര്യത്തിൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഓഫീസുകൾക്ക് കൃഷി ഡയറക്ടർ നിർദേശം നൽകുകയും നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**(ഡി)** കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപണികൾ നടത്തുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിലോ താലൂക്ക് തലത്തിലോ "അഗ്രോ സർവീസ് ക്ലിനിക്കുകൾ" ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കുന്നതിനായി 2025-26 വാർഷിക പദ്ധതിയിലെ 'Support to Farm Mechanization' പദ്ധതിയിൽ 'Establishment of Farm Machinery Clinics' എന്ന ഘടകത്തിന്റെ ഭാഗമായി 14 ജില്ലകളിലെയും കൃഷി എൻജിനീയറിങ് ഓഫീസുകളിലെ നിലവിലുള്ള വർക്ക്ഷോപ്പുകൾ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ ഉപകരണങ്ങൾ, ഡയഗ്നോസ്റ്റിക് സംവിധാനങ്ങൾ, സ്പെയർ പാർട്സ് എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽ ഫാം മെഷിനറി ക്ലിനിക്കുകളുടെ തുടർപ്രവർത്തനത്തിനും ശക്തിപ്പെടുത്തലിനുമായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള വർക്ക്ഷോപ്പുകളുടെ നവീകരണം, ആധുനിക ഉപകരണങ്ങളും ഡയഗ്നോസ്റ്റിക് സംവിധാനങ്ങളും ലഭ്യമാക്കൽ, ഐ.ടി. സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കേന്ദ്രീകൃത സോഫ്റ്റ്‌വെയർ സംവിധാനം മുഖേന അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ രേഖപ്പെടുത്തലും നിരീക്ഷണവും, സാങ്കേതിക പരിശീലനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. നിലവിലുള്ള ജില്ലാതല ഫാം മെഷിനറി ക്ലിനിക്കുകളുടെയും മൊബൈൽ സേവന സംവിധാനങ്ങളുടെയും പ്രവർത്തനം വിലയിരുത്തിയശേഷം, പ്രായോഗികതയും കണക്കിലെടുത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിലോ താലൂക്ക് തലത്തിലോ അധിക അഗ്രോ സർവീസ് ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**